മാതൃഭൂമി

Seed

FEDERAL BANK

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ




# Plantain fibre Ornaments

മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 27 DECEMBER 2023

# ആകാശപ്പച്ച

CONTENTS




എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11


തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16


Cover: Plantain fibre ornaments
Photo: Madhuraj




# ഒരു പോസ്റ്റ് കാർഡ് അയച്ചാലോ?


രണ്ടുവർഷത്തിനുമേലെയായി ആകാശപച്ചയുടെ പ്രസിദ്ധീകരണം തുടങ്ങിയിട്ട്. വൈവിധ്യമുള്ള നിരവധി വിഷയങ്ങൾ ഈ കൊച്ചുതാളുകളിൽ ഇടംപിടിക്കുന്നുണ്ട്. ഇനിയും വൈവിധ്യം വേണമെന്ന് ആഗ്രഹമുണ്ടോ? എങ്കിൽ, എന്തൊക്കെയാണ് ഇതിൽ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നതെന്ന് എഴുതി അറിയിക്കൂ. ആകാശപച്ച, മാതൃഭൂമി സീഡ്, കെ.പി.കേശവമേനോൻ റോഡ്, കോഴിക്കോട്-1 എന്ന വിലാസത്തിൽ പോസ്റ്റ് കാർഡിൽ വേണം നിർദേശങ്ങൾ അയക്കാൻ. നമ്മുടെത് കുഞ്ഞുപ്രസിദ്ധീകരണമല്ലേ, അപ്പോൾ പോസ്റ്റ് കാർഡാണ് ഏറ്റവും ഉചിതം.



എഡിറ്റോറിയൽ

# പ്രകൃതിയെ അറിയണം വികസനം

വികസനത്തിനായി പ്രകൃതിയെ നിഷ്കരുണം ഇല്ലാതാക്കുന്ന പ്രവണതയ്ക്ക് കുറവില്ല. ഏതുതരത്തിൽ ആലോചിച്ചാലും ഇത് ശരിയായ വികസനത്തിന് എതിരാണ്. കഴിഞ്ഞ പത്തുവർഷത്തിൽ പ്രകൃതിദുരന്തങ്ങളിലൂടെ ഉണ്ടായ നഷ്ടങ്ങൾ കണക്കാക്കിയാൽ ഇക്കാര്യം ബോധ്യമാവും. വികസനത്തിനായി നമ്മൾ ചെലവാക്കിയ തുകയുടെ വലിയൊരു ഭാഗം വരുന്ന തുക പ്രകൃതിദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായും ചെലവഴിക്കേണ്ടിവരുന്നു. ഒപ്പം മനുഷ്യരുടെയും ജീവജാലങ്ങളുടെയും വസ്തുവകകളുടെയും നഷ്ടം വേറെയും. ശരിയായി ആലോചിച്ച് പ്രകൃതിസൗഹൃദ വികസനം നടപ്പിലാക്കിയാൽ ഇപ്പോൾ ഉള്ളതിനെക്കാൾ സുസ്ഥിരമായ നേട്ടം ഉണ്ടാവുമെന്ന് ഉറപ്പാണ്. എന്നിട്ടും നമ്മുടെ എല്ലാ വികസനപദ്ധതികളിലും പ്രകൃതിയെയും പ്രകൃതിയെ സംരക്ഷിക്കാൻ ഇറങ്ങിപ്പുറപ്പെടുന്നവരെയും വലിയ പ്രതിബന്ധമായാണ് കണക്കാക്കുന്നത്. പ്രകൃതിസൗഹൃദമായ ശരിയായ വികസനത്തെക്കുറിച്ച് നമ്മുടെ വിദ്യാർഥിസമൂഹം ആഴത്തിൽ ചിന്തിക്കണം. നാളെ നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും ജീവിക്കാനായി ഭൂമിയെ കാത്തുരക്ഷിക്കേണ്ട വലിയ ചുമതലയുടെ ഭാഗമാണതെന്ന് മറക്കരുത്.



# ഉള്ളിൽ നിറയണം കാട്

കാണാൻ അതിമനോഹരമാണ് കാട്. കാട്ടിൽ അനേകം പക്ഷികളും മൃഗങ്ങളും പച്ചമരുന്നുകളുമൊക്കെയുണ്ട്. അതിരാവിലെ കാട്ടിലെ കിളികളുടെ പാട്ടും മൂളലും കേൾക്കാൻ നല്ല രസമാണ്. മരങ്ങൾക്കിടയിൽ മഞ്ഞ് മറഞ്ഞുനിൽക്കുന്നതും ഇലകളിൽ പറ്റിപ്പിടിച്ചിരിക്കുന്ന വെള്ളത്തുള്ളികൾ തിളങ്ങുന്നതും കാണാൻ നല്ല ഭംഗിയാണ്. മലിനമാവാത്ത ശുദ്ധവായുവും കാടുകളിലുണ്ട്. മനുഷ്യന്റെ കടന്നുകയറ്റം കാടിനെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ നിലനിൽപ്പിന് അനിവാര്യമാണ് വനം. മനുഷ്യൻ കടന്ന്, കാട് നശിപ്പിക്കാതിരിക്കുക, മലിനമാക്കാതിരിക്കുക. കാട് സംരക്ഷിക്കുക.

ദേവികാമോൾ
ജി.ടി.എച്ച്.എസ്. കൊമ്പുകുത്തി
കോട്ടയം

# ഇല്ലാതാക്കരുത് അഷ്ടമുടി കായൽ

ഏവരുടെയും മനംകവരും അഷ്ടമുടി കായൽ. കൊല്ലത്തിന്റെ കിരീടമാണിത്. കായലുകളുടെ നാടായ കേരളത്തിന്റെ അഭിമാനമാണത്. കശുവണ്ടിവ്യവസായത്തിന്റെ ഈറ്റില്ലമായ കൊല്ലത്തിന്റെ മനോഹാരിത കൂട്ടുന്നുണ്ട് അഷ്ടമുടി കായൽ. പേരുപോലെതന്നെ എട്ട് ഇതളുകൾ ചേർന്ന ഈ തടാകം അറബിക്കടലിൽ ചേരുന്നു. വൈവിധ്യമാർന്ന തുരുത്തുകളും കണ്ടൽവനങ്ങളും വിവിധ ജന്തുജാലങ്ങളും ചേർന്ന ആവാസ വ്യവസ്ഥയാണ്. വർഷത്തിലൊരിക്കൽ നടക്കുന്ന പ്രസിഡന്റ്സ് ട്രോഫി വള്ളംകളി ഈ കായലിന്റെ പ്രശസ്തി ലോകം മുഴുവൻ എത്തിക്കുന്നു. ലോകത്തിലെതന്നെ പ്രധാനപ്പെട്ട വിനോദസഞ്ചാരകേന്ദ്രമായ അഷ്ടമുടിയിലൂടെയുള്ള ബോട്ട് സവാരി ഏതൊരു സഞ്ചാരിയെയും ആകർഷിക്കും. റംസാർ സൈറ്റിൽ ഉൾപ്പെട്ട കായലാണ് അഷ്ടമുടി. പക്ഷേ, ഇന്ന് അഷ്ടമുടി മനുഷ്യന്റെ കടന്നുകയറ്റത്തെ നേരിടുകയാണ്. ഒഴുകിനടക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളും ഓടകളിലൂടെ ഒഴുകിയെത്തുന്ന മലിനജലവും എല്ലാം കായലിനെ മലിനമാക്കുന്നു. നല്ലൊരു നാളേക്കായി പുഴകളും കായലുകളുമെല്ലാം നമുക്ക് അനിവാര്യമാണ്. അവ കളങ്കപ്പെടുത്തരുത്.



നന്ദന എസ്.
വിമല സെൻട്രൽ സ്കൂൾ
കൊല്ലം



ചിറകുള്ള ചങ്ങാതിമാർ

# കണ്ടിട്ടുണ്ടോ ലളിതയെ?


## Fairy bluebird

**ല**ളിത ഒരു കാട്ടുപക്ഷിയാണ്. ഫെയ്റി ബ്ലൂ ബേഡ് (എമശ്യയഹൗലയശ്യറ) എന്നാണ് ഇംഗ്ലീഷ് പേര്. കറുപ്പും നീലയും നിറമുള്ള തൂവലുകളാണ് ഇവയ്ക്ക്. പെൺപക്ഷിയുടെ തൂവലുകൾക്ക് പകിട്ട് കുറയും. മലമ്പ്രദേശങ്ങളിലെ ഉയർന്ന മരക്കൊമ്പുകളിലാണ് താമസം. മരങ്ങളിൽനിന്നാണ് ഇരതേടാറുള്ളതെങ്കിലും പൊന്തക്കാടുകളിലും തറയിലും ഇടയ്ക്ക് പറന്നിറങ്ങാറുണ്ട്. മുഖ്യ ആഹാരം ചെറിയ ഫലങ്ങളാണ്. പ്രത്യേകിച്ച് അത്തി, ഞാവൽ വർഗത്തിൽപ്പെട്ട പഴങ്ങൾ. പൂന്തേൻ നുകരാനും ഇഷ്ടമാണ്. കേരളത്തിൽ തെന്മലപോലുള്ള മലയോരപ്രദേശങ്ങളിൽ ഇവയെ കാണാറുണ്ട്. ഹിമാലയത്തിനോട് ചേർന്ന് കുന്നുകളിലും ശ്രീലങ്കയിലും ഇൻഡൊനീഷ്യ, ഫിലിപ്പീൻസ് എന്നിവിടങ്ങളിലും ലളിതയെ കാണാം. മരങ്ങളുടെ ഉയരം കുറഞ്ഞ കൊമ്പുകളിൽ കപ്പിന്റെ ആകൃതിയിൽ വേരുകളും ചെറുകമ്പുകളും കൊണ്ടാണ് കൂടുണ്ടാക്കുക.

അഞ്ജു മനോജ്
സെന്റ് പോൾസ് ഹൈസ്കൂൾ
നരിയാപുരം, പത്തനംതിട്ട

ഈ ഫോട്ടോ കാണാം

# മീശപ്പുലിമല





മാതൃഭൂമി ആകാശപ്പച്ച
2023 ഡിസംബർ

ഹിഷാം അബ്ദുല്ല
ബി.ഇ.എം.എച്ച്. എസ്.
തുറയൂർ, കോഴിക്കോട്





# കല്ലുവാഴകൃഷി

വാഴപ്പഴത്തിനുള്ളിൽ കുരു ഇല്ലല്ലോ, എന്നാൽ ഉള്ളിൽ കല്ലുള്ള ഒരിനം വാഴയുണ്ട്. പേരും അതുതന്നെ – കല്ലുവാഴ. പഴത്തിന്റെ ഉള്ളിലെ വിത്തുകളാണ് ചെറിയ കല്ലുകൾപോലെ കാണപ്പെടുന്നത്. സാധാരണ ഇത് പഴമായി ഉപയോഗിക്കാറില്ല. വാഴയിൽതന്നെ നിന്ന് മുഴുവനും ഉണങ്ങി കല്ലുകൾ പൊട്ടിത്തെറിച്ച് താഴെ വീഴും. ആ കല്ലുകൾ പെറുക്കിയെടുക്കും. വാഴപ്പഴത്തിലെ കല്ലുമണികൾ പൊടിച്ചിട്ട അരഗ്ലാസ് വെള്ളം പത്തുദിവസം വെറുംവയറ്റിൽ കഴിച്ചാൽ മൂത്രാശയക്കല്ലുകൾ അലിഞ്ഞുപോകുമെന്ന് പറയപ്പെടുന്നു. പഴത്തിലെ ഫ്രെഷ് കല്ലുകൾ നട്ടാൽ തൈ മുളയ്ക്കും. അല്ലെങ്കിൽ വാഴയുടെ കടയ്ക്കലുള്ള കന്നുകൾ പറിച്ചുനടണം. കല്ലുവാഴയുടെ മറ്റൊരു പ്രത്യേകത കൂറ്റൻ ഇലകളാണ്. ഒരില മുറിച്ചാൽ ഇരുപത്തഞ്ചുപേർക്ക് സദ്യ ഉണ്ണാം. അതുകൊണ്ട് ഇലകൾക്കുവേണ്ടിയും ഇവ വളർത്താവുന്നതാണ്. മറ്റ് വാഴകളെപ്പോലെ പ്രത്യേക പരിചരണമൊന്നും കല്ലുവാഴയ്ക്ക് ആവശ്യമില്ല. ഏത് തരിശുഭൂമിയിലും നമുക്ക് കല്ലുവാഴക്കൃഷി ആദായകരമാക്കാം.





അശ്വതി കെ.കെ.
ജി.എച്ച്.എസ്.എസ്. പരപ്പ
കാസർകോട്

# കുഴലൂതുന്ന കാറ്റ്

ചൂളമടിച്ച് കറങ്ങിനടക്കും
ചോലക്കുയിലിന് കല്യാണം ഓ... ഓ...
ആലിൻ കൊമ്പത്തന്തിയുറങ്ങണൊ
രോലേഞ്ഞാലിക്ക് പൂത്താലി ഓ... ഓ...
ആറ്റിലൊളിച്ചു കളിക്കണ മീനേ
കാട്ടിൽ കുറുകുഴലൂതണ കാറ്റേ
ആറ്റിലൊളിച്ചു കളിക്കണ മീനേ

1998 –ൽ പുറത്തിറങ്ങിയ സമ്മർ ഇൻ ബത്‌ലഹേം എന്ന സിനിമയിലെ ഗാനമാണിത്. ഗിരീഷ് പുത്തഞ്ചേരി എഴുതിയ വരികൾക്ക് സംഗീതം നൽകിയത് വിദ്യാസാഗറാണ്. ഗ്രാമീണ പശ്ചാത്തലത്തിൽ ചുറ്റിലും കാണുന്ന പക്ഷികളെയും ആറ്റില്ലേ മീനുകളെയും ഈ ഗാനത്തിൽ വർണിക്കുന്നു. പ്രകൃതിയുടെ മനോഹാരിത പൂർണമാകുന്നതിൽ ഇത്തരം ജീവജാലങ്ങളും വലിയ പങ്ക് വഹിക്കുന്നുണ്ട്.

സഫ്രീന ബഷീർ
എച്ച്.ഐ.എസ്. ഇംഗ്ലീഷ് മീഡിയം സ്കൂൾ
ആനയിടുക്ക്, കണ്ണൂർ

ഇത് അതിശയം തന്നെ

# ചേരച്ചനെ തൊട്ടേ... താന്നിയച്ചൻ പൊറുക്കണേ...



കുട്ടിക്കാലത്ത് എന്റെ അമ്മ മുത്തശ്ശിയോടൊപ്പം വിറക് ശേഖരിക്കാൻ പറമ്പിൽ പോയതാണ്. ഇടയ്ക്ക് ഒരു വലിയ മരത്തിന്റെ ചുവട്ടിൽ ചാരിയിരുന്ന് കടുമുടുങ്ങ തിന്നാൻതുടങ്ങി. പതിയേ അമ്മയുടെ ശരീരം ചൊറിയാനുംതുടങ്ങി. ചൊറിഞ്ഞുചൊറിഞ്ഞ് ശരീരം മുഴുവൻ വീർത്തു. അമ്മ കരയാൻതുടങ്ങിയപ്പോൾ മുത്തശ്ശി ഓടിവന്നു. ആകെയൊന്ന് നോക്കിയിട്ട് ആമ്മൂമ്മ പറഞ്ഞു. "അയ്യോ ചേരച്ചൻ ചതിച്ചല്ലോ" എന്ന്. പിന്നെ മുത്തശ്ശി ഒരു ഓട്ടമായിരുന്നു, മരമായ മരമെല്ലാം നോക്കി. അങ്ങനെ ഏതോ ഒരു മരത്തിന്റെ ചുവട്ടിൽ ചെന്ന് നിന്നു. അതിന്റെ ഇല പറിച്ച് അമ്മയുടെ ശരീരത്തിൽ മുഴുവൻ ഉരസി. പതിയെ പതിയെ ചൊറിഞ്ഞുതടിച്ചതൊക്കെ പോയി... "ചേരച്ചനെ തൊട്ടേ, താന്നിയച്ചോ പൊറുക്കണേ" എന്ന് മുത്തശ്ശി പറഞ്ഞുകൊണ്ടേയിരുന്നു. കുറച്ച് വലുതായപ്പോഴാണ് മുത്തശ്ശി പറഞ്ഞതിന്റെ പൊരുൾ അമ്മയ്ക്ക് പിടികിട്ടിയത്. ചേരുമരത്തിന്റെ കറ പലർക്കും അലർജിയാണ്. ചിലർക്കൊക്കെ ശരീരം മുഴുവൻ ചൊറിഞ്ഞ് തടിക്കും. എന്നാൽ അതിന്റെ മറുമരുന്നാണ് താന്നിമരം. താന്നിയുടെ ഇലയിട്ട് തിളപ്പിച്ച വെള്ളത്തിൽ കുളിച്ചാൽ പെട്ടെന്നുതന്നെ ചൊറിഞ്ഞുതടിച്ചതൊക്കെ മാഞ്ഞുപോകും. അതുകൊണ്ടാണ് പഴമക്കാർ പറയുന്നത് ചേരച്ചൻ തൊട്ടാൽ താന്നിയച്ചൻ രക്ഷിക്കുമെന്ന്. പ്രകൃതിയുടെ വികൃതി എന്നല്ലാതെ എന്ത് പറയാൻ, അല്ലേ?

ഡാൻ തോമസ്
ജി.എൽ.പി.എസ്. കുന്താണി, വയനാട്

# തല വയ്ക്കുന്ന ദിശ




'**വേ**ണം കിഴക്കോട്ട്, വേണ്ടാ പടിഞ്ഞാട്ട്; വേണമെങ്കിൽ തെക്കോട്ട്, അരുത് വടക്കോട്ട്.' ഉറങ്ങാൻ ഏതു ഭാഗത്തേക്ക് തല വെയ്ക്കണം എന്നതിനെ പരാമർശിക്കുന്ന മുത്തശ്ശിച്ചൊല്ലാണിത്. വാസ്തു ശാസ്ത്രപ്രകാരം വളരെ പ്രധാനപ്പെട്ട ഒന്നാണ് ശയന ദിശ. കിഴക്ക്, തെക്ക് എന്നി ദിശകളിലേക്ക് തല വയ്ക്കുന്നതാണ് ഉത്തമമെന്ന് വാസ്തു ശാസ്ത്രം ചൂണ്ടിക്കാട്ടുന്നു. മരണസമയത്ത് മാത്രമേ തെക്കോട്ട് തലവയ്ക്കൂ എന്ന സംശയം തെറ്റാണ്. കാന്തിക മണ്ഡലവുമായി ബന്ധപ്പെട്ട് ചില പ്രത്യകതകളുള്ളതിനാലാവണം ആധുനിക ശാസ്ത്രവും വടക്കോട്ട് തലവച്ചു കിടക്കുന്നതിനെ അത്രയങ്ങ് പ്രോത്സാഹിപ്പിക്കുന്നില്ല.

വിദ്യ രഞ്ജിത്,
ഓക്സിലിയം നവജ്യോതി സ്കൂൾ
കോഴിക്കോട്

ലോകം എങ്ങനെ

# ഗ്രേറ്റ് പസിഫിക് ഗാർബേജ് പാച്ച്

അമേരിക്കയുടെ അത്രയും വലുപ്പമുള്ള, ഒരു പ്ലാസ്റ്റിക് മാലിന്യക്കൂമ്പാരമുണ്ട്. ഗ്രേറ്റ് പസിഫിക് ഗാർബേജ് പാച്ച് എന്നാണ് ഇതിനെ വിളിക്കുന്നത്. പേരുപോലെതന്നെ പസിഫിക് സമുദ്രത്തിലാണിത്. മനുഷ്യർക്കും മൃഗങ്ങൾക്കും ഏറെ ഹാനികരമാണിത്. കടലിലെ ജീവജാലങ്ങളെ ഇല്ലാതാക്കുന്ന മൈക്രോ പ്ലാസ്റ്റിക്കുകളാണിത്. ഗവേഷണങ്ങൾപ്രകാരം 80,000 ടൺ പ്ലാസ്റ്റിക്കാണ് ഇവിടെയുള്ളത്. ഇതിൽ ഏകദേശം 50% പ്ലാസ്റ്റിക് മാലിന്യം നീക്കംചെയ്യാൻ ഏകദേശം അഞ്ചുവർഷം വേണ്ടിവരുമെന്നാണ് കണക്ക്. ഇതുപോലെ സമുദ്രത്തിൽ വർധിച്ചുവരുന്ന അമ്ലത്തിന്റെ അളവ്, വായുമലിനീകരണം, വനനശീകരണം, കാട്ടുതീ തുടങ്ങിയവയെല്ലാം പ്രകൃതിക്കും നമുക്കും വലിയ നാശം വരുത്തുന്നു. പാബ്ലോ പിക്കാസോ പറഞ്ഞതുപോലെ "Every act of creation is first an act of destruction." നമ്മുടെ ജീവിതം ഏറെ എളുപ്പമുള്ളതാക്കാൻ പ്ലാസ്റ്റിക് പോലുള്ള വസ്തുക്കൾ നിർമിക്കുമ്പോൾ അതിന്റെ ദോഷഫലം അവസാനം അനുഭവിക്കുന്നതും നമ്മൾതന്നെയാണ്എന്നുകൂടി ഓർക്കണം.




ലോപാമുദ്ര വി.
വിദ്യോദയ സ്കൂൾ, തേവയ്ക്കൽ
എറണാകുളം



പൂവറിവ്

# മങ്കി ഫേസ് ഓർക്കിഡ്

മൃഗങ്ങളുടെയും പക്ഷികളുടെയും രൂപസാദൃശ്യമുള്ള അനേകം ഓർക്കിഡുകൾ നമ്മുടെ പ്രകൃതിയിലുണ്ട്. അക്കൂട്ടത്തിലൊന്നാണ് മങ്കി ഓർക്കിഡ്. കുരങ്ങിന്റെ മുഖം പോലെ തന്നെയാണ് ഈ പൂക്കളുടെ മുഖവും. രണ്ട് ഇരുണ്ട കണ്ണുകൾ, അവ്യക്തവും പുള്ളികളുള്ളതുമായ പുരികങ്ങൾ, രോമമുള്ള മൂക്ക്, കൂടാതെ കുരങ്ങുകളുടെ മുഖത്ത് കാണുന്ന താടി പോലും വളരെ വ്യക്തമായി ഈ പൂക്കളിൽ കാണാം. ഇത് വളരെ അപൂർവമായ ഒരു ഓർക്കിഡാണ്. പെറുവിലെയും തെക്കുകിഴക്കൻ ഇക്വഡോറിലെയും ക്ലൗഡ് പർവത നിരകളിൽ 3000 അടിയിലും കൂടുതൽ ഉയരത്തിൽ ഇത് വളരുന്നു.



ആൻലിയോ അനീഷ്, ക്ലാസ് 4
സി.യു.പി.എസ്. പുതുക്കാട്
തൃശ്ശൂർ



വർണച്ചിറക്
കവിത

# വനസ്ഥലി

ഇരവിൻ കൂന്തലിൽ നരപോൽ
കുരുക്കുത്തിമുല്ലച്ചാർത്തുകൾ,
രജനീഗന്ധികൾ രാവിന് കണ്ണായ്
കാവൽ നിൽക്കുന്നു.

ഇരുളിൻ ചേലയഴിക്കാൻ
ചെറുചോരൻ പോലൊരു പവനൻ
രാപ്പെണ്ണിൻ തനുവിലിക്കിളി കൂട്ടാൻ
പൂമണമായിട്ടണയുന്നൂ.

വെഞ്ചാമരമുടി വാരിക്കെട്ടി
വെൺമുകിലെങ്ങോ പായുമ്പോൾ
രാപ്പെണ്ണിൻ ചിരിയൊന്നു തെളിഞ്ഞൂ
മുല്ലകൾ പല്ലുകൾ കാണിച്ചൂ.

പാൽക്കിണ്ണത്തിൽ തലയിട്ടതുപോൽ
ചന്ദ്രികയലിയും പൊയ്കകളിൽ
മുങ്ങാംകുഴിയിട്ടോടിച്ചാടീ
തവളകൾ പലവകയുരഗങ്ങൾ!

ഇരവിൻ പണിശാലകളിൽ
പകലവനുണരാൻ വെമ്പി, യാമിനിയോ
പാണ്ടുപിടിച്ചൊരു ദേഹമൊതുക്കാൻ
മരച്ചോലകളിലൊളിച്ചിരിപ്പായി!

ഹരിത കെ.
സ്വാതി സെൻട്രൽ സ്കൂൾ,
വാണിയംകുളം, പാലക്കാട്



# മുറ്റത്തെ കാഴ്ച

**രാ**വിലെ എണീറ്റ് ഞാൻ ഉമ്മറപ്പടിമേൽ ഇരുന്ന് മുറ്റത്തെ കാഴ്ചകൾ കാണുകയായിരുന്നു. ശലഭങ്ങൾ ചെത്തിപ്പൂവിന്റെയും കൊന്നപ്പൂവിന്റെയും തേൻ നുകരുന്നു. ചില പക്ഷികൾ എന്തൊക്കെയോ കൊത്തി തിന്നുന്നു. ചിലർ കൂടുണ്ടാക്കാൻ ചകിരിയും ഇലയും കമ്പും ശേഖരിക്കുന്നു.

പെട്ടെന്നാണ് ഇലഞ്ഞിമരത്തിലേക്ക് എന്റെ ശ്രദ്ധ തിരിഞ്ഞത്. രണ്ട് മൈനകൾ പരസ്പരം കൊക്കുരുമ്മിയും ചിറക് മിനുക്കിയും സ്നേഹം പങ്കിടുന്നു. അപ്പോൾ കൊടുങ്കാറ്റുപോലെ മറ്റൊരു മൈന പാറിവന്ന് ഈ ഇണമൈനകളിൽ, പെൺമൈനയെയാവാം പലതവണ കൊത്തിക്കൊണ്ടേയിരുന്നു. പക്ഷേ, ആൺമൈന അത് കണ്ട ഭാവം നടിച്ചില്ല. പകരം വിരുന്നുവന്ന മൈനയോടൊപ്പം അത് പറന്നു. ആ കാഴ്ച പെൺമൈനയ്ക്ക് സഹിക്കാനായില്ല. അവൾ തൊണ്ടപൊട്ടി നീട്ടിവിളിച്ചു. ഏറെ നേരം കഴിഞ്ഞപ്പോൾ അവർ തിരിച്ചുവന്നെങ്കിലും ആൺമൈന തന്റെ ഇണയെ നോക്കാതെ പറന്നകന്നു. പക്ഷേ, അതൊന്നും കൂട്ടാക്കാതെ അവൾ വീണ്ടും നീട്ടിവിളിച്ചുകൊണ്ടേയിരുന്നു.

അയന ആദി ജയപ്രകാശ്
നളന്ദ പബ്ലിക് സ്കൂൾ, തമ്മനം
എറണാകുളം

Mathrubhumi Seed
Student Empowerment for Environmental Development
In partnership with FEDERAL BANK

മാതൃഭൂമി ആകാശപ്പച്ച

മഴയുടെ നനവും
മഞ്ഞിന്റെ കുളിരും
വേനൽച്ചൂടുമൊക്കെയാണ്
ചോറിന്റെ വെളുപ്പും
മാങ്ങയുടെ മധുരവും
ചുക്കിന്റെ എരിവും
ഒക്കെയാവുന്നതെന്നറിയണം

ആകാശപ്പച്ചയിലേക്കുള്ള രചനകളും
നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക് അയക്കാം
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-ഓഡിനേറ്റർമാരോട്
സംസാരിക്കാം.

Published by Mathrubhumi Seed